**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1834** **13-02-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീമതി ദെലീമ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് വെട്ടിക്കുറച്ചുവെന്ന ചില മാധ്യമങ്ങൾ വഴിയുള്ള പ്രചരണം ഏറ്റെടുത്ത് ചില ഉന്നത വ്യക്തികൾ സമൂഹത്തിൽ തെറ്റിദ്ധാരണ പരത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് വെട്ടിക്കുറയ്ക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (ബി) | സംസ്ഥാനത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹിക – സാമ്പത്തിക - വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ പരിപാടികളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുകയും, അതുവഴി ഈ വിഭാഗങ്ങളുടെ സമഗ്രമായ സാമൂഹിക ഉന്നമനം സാധ്യമാക്കുകയുമാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ലക്ഷ്യം. ഈ ഉദ്ദേശലക്ഷ്യം നിറവേറ്റുന്നതിന് വകുപ്പ് മുഖേന സ്കോളർഷിപ്പ് പദ്ധതികളും നൈപുണ്യ പരിശീലന പദ്ധതികളും യു.ജി.സി/ സി.എസ്.ഐ.ആർ നെറ്റ് പരീക്ഷ പരിശീലന പദ്ധതിയും ന്യൂനപക്ഷ യുവജനതയ്ക്കായുള്ള 24 പരിശീലന കേന്ദ്രങ്ങളും, ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ കുടിവെള്ള പദ്ധതികൾ, കരിയർഗൈഡൻസ്, പ്രീമാരിറ്റൽ കൗൺസിലിംഗ്, ഭവന പദ്ധതി/ഭവന നിർമ്മാണ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച് ഓരോ സാമ്പത്തിക വർഷത്തെയും ഭരണ റിപ്പോർട്ട് തയ്യാറാക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ